**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 29 .03. 2023

# കൈക്കൂലി വാങ്ങുന്നതിനിടെ പഞ്ചായത്ത് ഓവർസിയർ വിജിലൻസ് പിടിയിലായി

ഗോഡൗൺ കെട്ടിടം പണിയുന്നതിനും, കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുമായി 5,000/- രൂപ കൈക്കൂലി വാങ്ങിയ എറണാകുളം ജില്ലയിലെ, പായിപ്ര ഗ്രാമപഞ്ചായത്ത് ഓവർസിയർ സൂരജ് ഇന്ന് (29.03.2023) വിജിലൻസ് പിടിയിലായി.

എറണാകുളം പായിപ്ര സ്വദേശിയായ പരാതിക്കാരൻ പായിപ്ര പഞ്ചായത്ത് സൊസൈറ്റിപ്പടിയിലുള്ള കെട്ടിടത്തിന് സമീപം പുതുതായി ഗോഡൗൺ പണിയുന്നതിനുള്ള കെട്ടിട നിർമ്മാണഅനുമതിക്കായി ഇക്കഴിഞ്ഞ മാർച്ച് ഏഴാം തീയതി പഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു. 14 ആം തിയതി സ്ഥലം സന്ദർശിച്ച ഓവർസിയർ സൂരജ് അന്ന് തന്നെ പരാതിക്കാരനിൽ നിന്നും 5,000/- രൂപ കൈക്കൂലിയായി വാങ്ങുകയുണ്ടായി. തുടർന്ന് പരാതിക്കാരൻ ഒരു ബന്ധുവഴി സൂരജിനോട് പെർമിറ്റിന്റെ വിവരം അന്വേഷിച്ചപ്പോൾ കെട്ടിട നിർമ്മാണഅനുമതി നൽകണമെങ്കിൽ 5,000/- രൂപ കൂടി കൈക്കൂലിയായി നൽകണമെന്ന് ആവശ്യപ്പെട്ടുകയുണ്ടായി. പരാതിക്കാരൻ ഈ വിവരം വിജിലൻസ് മധ്യ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. ഹിമേന്ദ്രനാഥ് ഐപിഎസ് നെ അറിയിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം വിജിലൻസ് എറണാകുളം യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ബാബുക്കുട്ടന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണി ഒരുക്കി ഇന്ന് (29.03.2023) വൈകുന്നേരം 4 മണിയോടെ പായിപ്ര പഞ്ചായത്ത് കോമ്പൗണ്ടിന് ഉള്ളിൽ വച്ച് പരാതിക്കാരനിൽ **നിന്നും 5,000/-** രൂപ കൈക്കൂലി വാങ്ങവെ സൂരജിനെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണ് ഉണ്ടായത്.

അറസ്റ്റ് ചെയ്ത സൂരജിനെ ഇന്ന് (29.03.2023) മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി ശ്രീ. ബാബുക്കുട്ടനെ കൂടാതെ പോലീസ് ഇൻസ്പെക്ടർമാരായ മധു, സാജു ജോസഫ്, സബ് ഇൻസ്പെക്ടർമാരായ സണ്ണി, ഹരീഷ് കുമാർ, ,അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ജയപ്രകാശ്, ഷിബു, ഉമേശ്വരൻ പ്രവീൺ ജോസഫ്, എസ്.സി.പി.ഒ മാരായ ജയദേവൻ, മനോജ്, പ്രജിത്ത് ബിജുമോൻ ഡ്രൈവർ സി.പി.ഒ മാരായ ജമാൽ, ജാക്സൺ എന്നിവ അടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. മനോജ് എബ്രഹാം. ജനങ്ങളോട് അഭ്യർത്ഥിച്ചു.